
# സെന്റ്. ജോസഫ് തീർത്ഥാടന ദൈവാലയം

## പെരിങ്ങഴ

ലക്കം 1 | പുസ്തകം 5 | 2022



**പാരിഷ് ബുള്ളറ്റിൻ**



***സെപ്റ്റംബർ 2022***


സീറോമലബാർസഭയുടെ
പുതിയ മെത്രാന്മാർക്ക് അഭിനന്ദനങ്ങൾ
Alex Tharamangalam
Joseph Kollamparambil
Thomas Padiyath
Congratulations


CONGRATULATIONS
Congratulations
Rev. Fr. Francis Kannadan
For Securing PHD in Malayalam (MG University)



**ഫാ. പോൾ കാരക്കൊമ്പിൽ**

**(വികാരി)**

Ph: +91 94469 32440

# കൈക്കാരൻമാർ



**സിജി ജേക്കബ് ചേറ്റൂർ**
Ph: +91 95260 33178



**ബേബി മാത്യു നാമറ്റത്തിൽ**
Ph: +91 94005 90818

**ജയ്സൻ കാനാരിയ്ക്കൽ**

**(ദേവാലയ ശുശ്രുഷി)**

Ph: +91 95445 85519



# പെരിങ്ങഴ തീർത്ഥാടന ഇടവക

## പാരിഷ് ബുള്ളറ്റിൻ

ലക്കം 1 | പുസ്തകം 5 | സെപ്റ്റംബർ 2022



### രക്ഷാധികാരി

**ഫാ. പോൾ കാരക്കൊമ്പിൽ**
Mob: +91 94469 32440

### ചീഫ് എഡിറ്റർ

**ജോർജ് പോൾ പൊരുന്നേടത്ത്**
Mob: +91 92881 64199

### മാനേജിങ് എഡിറ്റേഴ്സ്

**ഗ്രേസ് മരിയ അരയകുന്നേൽ**

**അലീന ബിജു നടുക്കുടിയിൽ**

### എഡിറ്റേഴ്സ്

**നെവിൽ മാത്യു പിട്ടാപ്പിള്ളിൽ**

**ലിറ്റോ ജെയിംസ് നീരൊലിക്കൽ**

**രഞ്ജിത് ജോർജ് പാലക്കാട്ട്**

**മെറിൻ മാത്യു പുത്തെൻപുരക്കൽ**

**ആൽബിൻ സാജു പിട്ടാപ്പിള്ളിൽ**

**സാലറ്റ് മരിയ അയ്യംകുഴക്കൽ**

### ഇതളുകൾ മറിയുമ്പോൾ

ഇടയമൊഴി

ഇടവക ഡയറി

വിശേഷങ്ങളും ഓർമ്മകളും

അമ്മക്കൊരു പൂച്ചെണ്ട്

ഇടവക വിശേഷങ്ങൾ

രൂപതാ - സഭ വാർത്തകൾ

സംഘടനാ അറിയിപ്പുകൾ

ലോഗോസ് പരീക്ഷാ സമയക്രമം

തിരുക്കർമ്മങ്ങളുടെ സമയക്രമം

ഇതൾ മറിയുന്ന ചരിത്രം

വിശുദ്ധ കുരിശിലേക്ക് ഒരു ചുവട്

കൊച്ചു കൊച്ചു വിശേഷങ്ങൾ

തിരുവചന വായനകളും അനുദിന വിശുദ്ധരും

സോഷ്യൽ മീഡിയയിൽ ഒന്നാകാം

**സെന്റ്. ജോസഫ് തീർത്ഥാടന ദൈവാലയം, പെരിങ്ങഴ –686673**
**ഫോൺ: 0485 2832840**
**ഇ-മെയിൽ: peringuzhachurch@gmail.com**

* For Private Circulation Only



# ഇടയമൊഴി

**സ്നേഹം നിറഞ്ഞവരെ,**

**എല്ലാവർക്കും ഓണാശംസകൾ നേരുന്നു. നാം കേരളത്തിന്റെ മക്കളാണ്,ഭാരതത്തിന്റെ പൗരൻമാരാണ്. ഇത് പറയുന്നവർ മാത്രമല്ല ഉള്ളിൽ അതിന്റെ മഹിമ ആസ്വദിക്കുന്നവരുമാണ്. ഇന്ന് ഒത്തിരി ആളുകൾ ജോലി തേടി കേരളം വിട്ടുപോകുമ്പോൾ ഈ അഭിമാനബോധമൊക്കെ നഷ്ടപ്പെടുകയാണ്. ഇവിടെ തന്നെ പുതിയ സംരംഭങ്ങളും,ജോലി സാധ്യതകളും ഉണ്ടാക്കുവാൻ പറ്റുമോ ? അടുത്ത തലമുറക്ക് ഓണം ആഘോഷിക്കാൻ... നാട്ടിൽ തന്നെ കഴിയാൻ, ഒരുമിച്ചു ആസ്വദിക്കാൻ, അതിനായ ആഗ്രഹിക്കാം.**

**ഒപ്പം പരിശുദ്ധ കന്യക മാതാവിന്റെ പിറവി തിരുനാളിനൊരുക്കമായുള്ള 8 നോമ്പ് ആചരണം നമ്മുക്ക് കൊണ്ടാടാം. മേരി നാമധാരികൾക്കെല്ലാം മംഗളങ്ങൾ നേരുന്നു.**

**സ്നേഹാശംസകളോടെ,**

**ഫാ. പോൾ കാരക്കൊമ്പിൽ**

**വികാരി അച്ചൻ**

# ആഗസ്റ്റ് 2022 ഇടവക ഡയറി

**ആഗസ്റ്റ് 1:**

- പതിനഞ്ച് നോമ്പ് ആരംഭിച്ചു.



**ആഗസ്റ്റ് 4:**

- ഇടവക വികാരിമാരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ പെരിങ്ങുഴ ഇടവകയുടെ വികാരിയായ ഫാ. പോൾ കാരക്കൊമ്പിൽ അച്ചന് തിരുനാളിന്റെ ആശംസകൾ നേർന്നു.

**ആഗസ്റ്റ് 5:**

- ആദ്യ വെള്ളിയാഴ്ച്ച ആരാധനയും കുർബാനയും നടത്തി.

**ആഗസ്റ്റ് 6:**

- നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണ തിരുന്നാൾ ആഘോഷിച്ചു.

**ആഗസ്റ്റ് 11:**

- ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപകനായ കുഞ്ഞേട്ടന്റെ പതിമൂന്നാം ചരമവാർഷികം ആചരിച്ചു.

## ആഗസ്റ്റ് 13:

- വി. മാക്സിമില്യൻ കോൾബേയുടെ തിരുന്നാൾ ആഘോഷിച്ചു.
- തിരുബാലസഖ്യം മത്സരത്തിൽ പെരിങ്ങുഴ ഇടവകയിൽ നിന്ന് 18 കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു.
- ചെറുപുഷ്പ മിഷൻ ലീഗ് മുവാറ്റുപുഴ മേഖലയുടെ 2022 - 2023 പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം നടത്തി. ഈ വർഷത്തെ പ്രവർത്തന മാർഗരേഖ പ്രകാശനം മീങ്കുന്നം സെന്റ്. ജോസഫ് പള്ളിയിൽ വെച്ച് ഉച്ചകഴിഞ്ഞ് 2:00 മണിക്ക് നടത്തപ്പെട്ടു.




## ആഗസ്റ്റ് 14:

- കെസിവൈഎം രൂപതാ സമിതിയുടെ നേതൃത്വത്തിൽ "പള്ളിമുറ്റം" ഇടവക തല സായാഹ്ന കൂട്ടായ്മ പെരിങ്ങഴയിൽ വെച്ച് നടത്തി.



- പെരിങ്ങഴ തീർത്ഥാടന ഇടവകയിലെ വിൻസെന്റ് ഡി പോൾ സംഘടനാ അംഗങ്ങൾ തങ്ങളുടെ കുടുംബാംഗങ്ങളുമൊത്ത് എസ്ഡി കോൺവെന്റിൽ അന്തേവാസികളായ അമ്മമാരോടൊപ്പം.



## ആഗസ്റ്റ് 15:

- പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുന്നാൾ ആഘോഷിച്ചു.
സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി പെരിങ്ങുഴ തീർത്ഥാടന പള്ളിയിൽ ബഹു. വികാരിയച്ചൻ ദേശീയപതാക ഉയർത്തുകയും എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകൾ നേരുകയും ചെയ്തു.



- സൺഡേ സ്കൂൾ വാർഷികം ആഘോഷപൂർവ്വം സംഘടിപ്പിച്ചു. കഴിഞ്ഞ രണ്ട് അദ്ധ്യായന വർഷങ്ങളിലെ വിവിധ സമ്മാനങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്തു, അതോടൊപ്പം എസ്എസ്എൽസി, പ്ലസ്ടു ക്ലാസ്സുകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ ആദരിച്ചു.

## ആഗസ്റ്റ് 18:

- ചെറുപുഷ്പ മിഷൻ ലീഗ് കോതമംഗലം രൂപത ഈ വർഷത്തെ രൂപത തല സാഹിത്യമത്സരങ്ങൾ മേഖല കേന്ദ്രങ്ങളിൽ വച്ചു നടത്തപ്പെട്ടു. പെരിങ്ങുഴ ഇടവകയിൽ നിന്ന് വിവിധ സാഹിത്യ മത്സരങ്ങളിൽ കുട്ടികൾ പങ്കെടുത്തു.

## ആഗസ്റ്റ് 21:

- രണ്ടാമത്തെ കുർബാനയ്ക്ക് ശേഷം സൺഡേ സ്കൂൾ പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുകയും വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു.
- രണ്ടാമത്തെ കുർബാനയ്ക്ക് ശേഷം മാതൃവേദി മീറ്റിംഗ് കൂടുകയും വിവാഹ ജീവിതത്തിന്റെ 25, 50 വർഷങ്ങൾ പൂർത്തിയാക്കിയ ഇടവകയിലെ ജൂബിലിയേറിയന്മാരെ ആദരിക്കുകയും ചെയ്തു.



- സൺഡേ സ്കൂൾ പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ സിജോയുടെയും മീഡിയ മിനിസ്ട്രി അംഗവും പാരിഷ് ബുള്ളറ്റിൻ എഡിറ്റോറിയൽ ടീം അംഗവുമായ അലീനയുടെയും പിതാവ് ശ്രീ. ബിജു മാത്യു നടുക്കുടിയിലിന്റെ ആകസ്മിക മരണത്തിൽ അനുശോചനം രേഖപ്പെടുത്തി സൺഡേ സ്കൂൾ വിദ്യാർത്ഥികൾ വീട്ടിലെത്തി പ്രാർത്ഥിക്കുകയും സൺഡേ സ്കൂളിന്റെയും മീഡിയ മിനിസ്ട്രിയുടെയും പേരിൽ റീത്ത് വെക്കുകയും ചെയ്തു.



## ആഗസ്റ്റ് 27:

- മാതൃവേദിയുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. മോനിക്കയുടെ തിരുനാൾ ദിനത്തിൽ രാവിലെ 10 മണി മുതൽ 12 വരെ ഇടവകയിലെ മാതൃവേദി അംഗങ്ങൾ പ്രാർഥനാദിനമായി ആചരിച്ചു.

## ആഗസ്റ്റ് 28:

- മാതൃവേദിയുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. മോനിക്കയുടെ തിരുനാളിനോടനുബന്ധിച്ച് ഞായറാഴ്ച രാവിലത്തെ കുർബാനയ്ക്ക് അമ്മമാരുടെ നേതൃത്വത്തിൽ കാഴ്ചവയ്പ്പ് നടത്തി.

IN LOVING Memory



# ആദരാഞ്ജലികൾ


ആദരാഞ്ജലികൾ
ഫാ. ജോസഫ് അറയ്ക്കൽ


ബിജു മാത്യു (50)
നടുക്കുടിയിൽ
പെരിങ്ങഴ


ദേവസ്യ മത്തായി (70)
(C M Sebastian)
ചെമ്പകത്തിനാൽ
പെരുമ്പല്ലൂർ

# അമ്മയുടെ ജന്മദിനത്തിൽ അമ്മക്കൊരു പൂച്ചെണ്ട്



സെപ്റ്റംബർ എട്ടാം തീയതി, ആഗോള കത്തോലിക്ക സഭ പരിശുദ്ധ കന്യകാ മാതാവിന്റെ പിറവി തിരുനാൾ ആഘോഷിക്കുകയാണ്. ജീവിതത്തിൽ, ഏറ്റവും ആഹ്ലാദം നൽകുന്ന സുദിനമാണ് നമ്മുടെ ജന്മദിനം! എന്നാൽ, അതിനേക്കാൾ നാം സന്തോഷമനുഭവിക്കുന്നത് നമ്മുടെ പ്രിയപ്പെട്ടവരുടെ ജന്മദിനം ആഘോഷിക്കുമ്പോഴാണ്. അതിനാലാണ്, മനംനിറയെ സമ്മാനങ്ങളും, ഹൃദയം തുളുമ്പുന്ന ആശംസകളും നൽകി നമ്മുടെ സ്നേഹം അവർക്ക് നാം വെളിപ്പെടുത്തി കൊടുക്കുന്നത്. ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹമായി തീരേണ്ടതാണാണെന്ന്, ഓരോ ജന്മദിനവും നമ്മെ ഓർമ്മപ്പെടുത്തുന്നു.

മറിയത്തിന്റെ ജനനം തന്നെ ദൈവാനുഗ്രഹത്തിന്റെ നിറവിലായിരുന്നു. തങ്ങളെ മോചിപ്പിക്കുന്നതിനായി, ദാവീദിന്റെ ഭവനത്തിൽ നിന്നും ഒരു രക്ഷകൻ ജനിക്കുമെന്ന് പ്രവാചകൻമാർ വഴി ദൈവം നൽകിയ വാഗ്ദാനം ഇസ്രായേൽ ജനത പ്രതീക്ഷയോടെ കാത്തിരിക്കുന്ന കാലഘട്ടമായിരുന്നത്. അതിനാൽ, രാജകൊട്ടാരത്തിൽ ജനിക്കാൻ പോകുന്ന രക്ഷകന് വേണ്ടി കാത്തിരുന്ന ഇസ്രയേൽ ജനതയുടെ ചിന്താഗതിയിലായിരിക്കണം ജൊവാക്കിമും അന്നയും ജീവിച്ചത്. സന്താന സൗഭാഗ്യമില്ലാത്ത വൃദ്ധദമ്പതികളായ അവർ പ്രാർത്ഥനയിലും പരിത്യാഗത്തിലും ജീവിതം നയിച്ചു. അവരുടെ അടിയുറച്ച ദൈവ ഭക്തിയിലും ജീവിത വിശുദ്ധിയിലും സംപ്രീതനായ ദൈവം, തന്റെ പുത്രനായ രക്ഷകന്റെ അമ്മയുടെ മാതാപിതാക്കളാകുന്നതിന് അവരെയാണ് തിരഞ്ഞെടുത്തത്. "ദൈവ വഴികൾ മനുഷ്യനൊട്ടും മനസ്സിലാക്കുന്നുമില്ല!" വാർദ്ധക്യത്തിൽ താൻ ഉദരത്തിൽ വഹിക്കുന്ന കുഞ്ഞ് രക്ഷാകര ചരിത്രത്തിന്റെ നാഴികകല്ലാകുമെന്ന് അന്ന സ്വപ്നത്തിൽ പോലും ചിന്തിച്ചു കാണില്ല. എങ്കിലും തന്റെ കുഞ്ഞിന് വേണ്ടി നിരന്തരം അവൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ജന്മ പാപത്തിന്റെ ഒരു തരി പോലും ഇല്ലാതെ, ദൈവകൃപയുടെ പ്രത്യേക സംരക്ഷണത്തിലാണ്, മറിയം അന്നയുടെ ഉദരത്തിൽ പിറന്നുവീണത്.

മറിയത്തിന്റെ ജനനത്തോടെ, ഇസ്രയേൽ ജനതയുടെ രക്ഷകനു വേണ്ടിയുള്ള കാത്തിരിപ്പു ഫലപ്രാപ്തിയിലേക്ക് പ്രവേശിച്ചു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ മറിയത്തിന്റെ ഉദരത്തിൽ ദൈവാനുഗ്രഹത്തിന്റ ഉദരഫലം പിറവിയെടുത്തു. കൃപയുടെയും രക്ഷയുടെയും പുതിയകാലത്തിനു അപ്രകാരം തുടക്കം കുറിക്കുകയും ചെയ്തു.

ഇന്ന്, ഈ അമ്മയുടെ ജനനത്തിൽ സ്വർഗ്ഗവാസികൾ ആനന്ദിക്കുകയും, ഭൂവാസികൾ ആഹ്ലാദിക്കുകയും ചെയ്യുന്നത് മറ്റൊന്നും കൊണ്ടല്ല. ജീവിത പ്രതിസന്ധികളിൽ പ്രതീക്ഷയുടെ മരുപ്പച്ചയാണ് പരിശുദ്ധ മറിയം. അവളുടെ കൂടെ നടക്കുന്നവർക്ക് വിശുദ്ധിയുടെ കൃപകൾ തണലായുണ്ടാകും. ലക്ഷ്യബോധം കാണാതെ ഉഴലുമ്പോഴും മറിയത്തിനെ പോലെ ദൈവഹിതം നിറവേറ്റുന്നവരാകാം. കാരണം കപ്പൽ സഞ്ചാരികൾക്ക് ദിശകാണിക്കുന്ന കടലിലെ ദൈവാനുഗ്രഹമാവുന്ന പ്രകാശഗോപുരമാണു ക്രൈസ്തവർക്ക്, ഈ ലോക ജീവിതമാകുന്ന തീർത്ഥാടനത്തിൽ പരിശുദ്ധ അമ്മ...!



# ഇടവക വിശേഷങ്ങൾ

| | |
|---|---|
| *സെപ്റ്റംബർ 01:* | എട്ട് നോമ്പ് ആരംഭം |
| | ഒമ്പതാം വാർഡിലെ വീട് വെഞ്ചരിപ്പ് |
| *സെപ്റ്റംബർ 02:* | ആദ്യവെള്ളി |
| | ഒമ്പതാം വാർഡിലെ വീട് വെഞ്ചരിപ്പ് |
| *സെപ്റ്റംബർ 03:* | ഒമ്പതാം വാർഡിലെ പ്രാർത്ഥനാ കൂട്ടായ്മ |
| *സെപ്റ്റംബർ 04:* | പതിമൂന്നാം വാർഡിലെ വീട് വെഞ്ചിരിപ്പ് |
| | പ്രാർത്ഥനാ കൂട്ടായ്മ |
| *സെപ്റ്റംബർ 05:* | വിശുദ്ധ മദർ തെരേസയുടെ തിരുന്നാൾ |
| *സെപ്റ്റംബർ 08:* | പരി. കന്യക മറിയത്തിന്റെ പിറവിതിരുന്നാൾ |
| *സെപ്റ്റംബർ 10:* | KCYM പെരിങ്ങഴ യൂണിറ്റ് ഒരുക്കുന്ന ഏകദിന ടൂർ |
| *സെപ്റ്റംബർ 11:* | ഏലിയാ-സ്ലീവാ-മൂശാ കാലാരംഭം |
| | പാരിഷ് കൂട്ടായ്മ (13 വാർഡിലെയും കമ്മിറ്റി അംഗങ്ങൾ എല്ലാവരുടെയും മീറ്റിംഗ്) |
| *സെപ്റ്റംബർ 12:* | പരി. കന്യക മറിയത്തിന്റെ ഏറ്റവും വിശുദ്ധമായ നാമത്തിന്റെ തിരുന്നാൾ |
| | പതിനൊന്നാം വാർഡിലെ വീട് വെഞ്ചരിപ്പ് |
| *സെപ്റ്റംബർ 13:* | വിശുദ്ധ ജോൺ ക്രിസോസ്റ്റമിന്റെ തിരുന്നാൾ |
| | പതിനൊന്നാം വാർഡിലെ വീട് വെഞ്ചരിപ്പ് |
| *സെപ്റ്റംബർ 14:* | വിശുദ്ധ കുരിശിന്റെ പുകയാഴ്ചയുടെ തിരുന്നാൾ |
| | പതിനൊന്നാം വാർഡിലെ പ്രാർത്ഥനാ കൂട്ടായ്മ |
| *സെപ്റ്റംബർ 15:* | വ്യാകുലമാതാവിന്റെ തിരുന്നാൾ |
| | പന്ത്രണ്ടാം വാർഡിലെ വീട് വെഞ്ചരിപ്പ് |
| *സെപ്റ്റംബർ 16:* | പന്ത്രണ്ടാം വാർഡിലെ വീട് വെഞ്ചരിപ്പ് |
| *സെപ്റ്റംബർ 17:* | പന്ത്രണ്ടാം വാർഡിലെ പ്രാർത്ഥനാ കൂട്ടായ്മ |
| *സെപ്റ്റംബർ 18 :* | മാതൃവേദിയുടെ യോഗം (രണ്ടാമത്തെ കുർബാനയ്ക്ക് ശേഷം) |
| *സെപ്റ്റംബർ 21:* | വിശുദ്ധ മത്തായി ശ്ലീഹായുടെ തിരുന്നാൾ |
| *സെപ്റ്റംബർ 25:* | ലിസിയൂസിലെ വി. തെരേസയുടെ മാതാപിതാക്കളായ വിശുദ്ധരായ ലൂയിസ് മാർട്ടിനും സെലി ഗ്വെറിന്റെയും തിരുന്നാൾ |
| | അന്തോണീസ് പുണ്ണ്യാളന്റെ കപ്പേളയിൽ തിരുനാൾ |
| | ലോഗോസ് ക്വിസ് പരീക്ഷ (പാരിഷ് ഹാളിൽ) |
| *സെപ്റ്റംബർ 27:* | വിശുദ്ധ വിൻസന്റ് ഡി പോളിന്റെ തിരുന്നാൾ |
| *സെപ്റ്റംബർ 29:* | പ്രധാന മാലാഖമാരായ മിക്കായേൽ, ഗബ്രിയേൽ, റാഫേൽ എന്നിവരുടെ തിരുന്നാൾ |
| *സെപ്റ്റംബർ 30:* | വിശുദ്ധ ജെറോമിന്റെ തിരുന്നാൾ |

## വിവാഹ ഒരുക്ക സെമിനാർ

**നെസ്റ്റ് മുവാറ്റുപുഴ**
**സെപ്റ്റംബർ 15, 16, 17**
For online registration: https://familyapostolateklm.com/
Ph: +91 94950 11191

## രൂപതാ നവതി ദമ്പതി സംഗമം

കോതമംഗലം രൂപത ഈ വരുന്ന സെപ്റ്റംബർ 10-)o തീയതി നെസ്റ്റ് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തുന്ന ദമ്പതി സംഗമത്തിലേക്കു കഴിഞ്ഞ 5വർഷത്തിനുള്ളിൽ വിവാഹിതരായ എല്ലാ ദമ്പതികളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

സ്ഥലം: NESTT. Pastoral institute, Muvattupuzha

തിയതി: സെപ്റ്റംബർ 10

സമയം: 9.30am - 4pm

രജിസ്ട്രേഷൻ ഫീ: Rs. 200/-

വിവാഹത്തിന് മുൻപ് സംബന്ധിച്ച പ്രീ മാര്യേജ് ഗൈഡൻസ് കോഴ്സിന് ഒരു തുടർ പ്രോഗ്രാം ആണ് ഇത്. കുടുംബ ജീവിതത്തെ സംബന്ധിക്കുന്ന വിഷയങ്ങളിൽ വിദഗ്ധർ നയിക്കുന്ന ക്ലാസുകൾ, ചർച്ചകൾ, ദിവ്യകാരുണ്യആരാധന.. എന്നിങ്ങനെ ആയിരിക്കും പ്രോഗ്രാം. ദമ്പതികൾക്കാണ് പ്രാധാന്യം എങ്കിലും, ജീവിതപങ്കാളി തല്ക്കാലം കൂടെ ഇല്ലാത്തവർക്ക് സിംഗിൾ ആയി പങ്കെടുക്കാവുന്നതാണ്. ഈ ദമ്പതി സംഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സെപ്റ്റംബർ 5നകം യൂണിറ്റ് ഭാരവാഹികളുടെ പക്കൽ പേര് നൽകുവാൻ ശ്രദ്ധിക്കുമല്ലോ

## മാതൃവേദി കോതമംഗലം രൂപത

പരിശുദ്ധ അമ്മയ്ക്കായി ഒരു പിറന്നാൾ സമ്മാനം ഒരുക്കുവാൻ ആഗ്രഹിക്കുന്നു. സെപ്റ്റംബർ 01 മുതൽ 7വരെയുള്ള ദിവസങ്ങളിൽ അമ്മമാർ രൂപതാ തലത്തിൽ 3ലക്ഷം നന്മനിറഞ്ഞ മറിയം ചൊല്ലി പിറന്നാൾ സമ്മാനമായി അമ്മയ്ക്ക് സമർപ്പിക്കുന്നു. ഈ പ്രാർത്ഥന യജ്ഞത്തിൽ പങ്കാളിയാകുവാൻ എല്ലാ അമ്മമാരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പെരിങ്ങഴ യൂണിറ്റ് 2800 നന്മനിറഞ്ഞ മറിയം ചൊല്ലി കാഴ്ചവെക്കണം.

**നിയോഗം**: പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്ന സഭാനവീകരണം ലക്ഷ്യമാക്കി

# തിരുബാലസഖ്യ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കിയവർ

## ജൂനിയർ വിഭാഗം


ELSA MARY JOBY
THULAMATTATHIL


BATHANIA BIJU
KALLARACKAL


LEYA PAUL
THYPARAMBILL


PAUL J
CHETTOOR


DEON BIBIN
EDATHUMPURATHU


JEON C BIBIN
CHERUVATHOOR

## സീനിയർ വിഭാഗം


LEYON G SALOOSH
PARUVANANICKAL


TIYA THERESA JUSTINE
KUNNAPPILLIL


JOSHUA HENDRIT
PACHANAL


JOANNA CLARE JINTO
CHETTOOR


JAMES SHIJI
MANCHIMALAKUDIYIL


ANNA FRANCIS
MONIPPILLIL


JOSE P JAISON
PITTAPPILLIL


AIDEN PRINCE
VAZHAPLANKUDY


JUAN SHINTO


JUANA SHINTO
MADATHIKUDIYIL


AIMY ROSE PRINCE
VAZHAPLANKUDY


AMALIYA SHIJO
KAROTTUVILLATTU



# ലോഗോസ് മോഡൽ പരീക്ഷാ സമയക്രമം

1. September 04 : പ്രഭാഷകൻ 23 - 26
2. September 11 : മർക്കോസ് 9 - 16
3. September 18 : 1 കോറിന്തോസ് 9 - 16
4. September 25 : Model Test (Written Exam) (11AM - 12.30 PM)

**NB: കുട്ടികൾക്കുള്ള ലോഗോസ് മോഡൽ പരീക്ഷ ഞായറാഴ്ചകളിൽ വേദപാഠ സമയത്ത്.**

## LOGOS EXAM 2022 (After Noon)

**പരീക്ഷാ തിയതി:** *സെപ്റ്റംബർ 25, ഞായറാഴ്ച*

**പഠനഭാഗം:**

*ജോഷ്വാ 1-12*
*പ്രഭാഷകൻ 23-26*
*മർക്കോസ് 9-16*
*1 കോറിന്തോസ് 9-16*



# തിരുകർമ്മങ്ങളുടെ സമയക്രമം

| | | |
|---|---|---|
| തിങ്കൾ - ശനി: | 6.15 am | വി. കുർബാന |
| ചൊവ്വ: | 6.15 am | വി. കുർബാന,<br>വി. അന്തോണിസിന്റെ നൊവേന |
| ബുധൻ: | 6.00 am | മാർ യൗസേപ്പിതാവിന്റെ പിതാപാത,<br>വി. കുർബാന, നൊവേന |
| | 10.00 am | മാർ യൗസേപ്പിതാവിന്റെ പിതാപാത,<br>വി. കുർബാന, നൊവേന |
| ഞായർ : | 6.45 am | വി. കുർബാന |
| | 9.45 am | വി. കുർബാന |

**നിങ്ങളുടെ കുടുംബാംഗങ്ങളുടെയും പ്രിയപ്പെട്ടവരുടെയും ജന്മദിനം, മാമോദിസ, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം തുടങ്ങിയവ പ്രതിമാസ ഇ-ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ ഫോട്ടോയും വിശദ വിവരങ്ങളും താഴെ നൽകിയിരിക്കുന്ന നമ്പറിലേക്ക് ഈ മാസം 20ാം തിയതിക്ക് മുമ്പായി വാട്സാപ്പ് ചെയ്യുക.**

**ജോർജ്ജ് പോൾ പൊരുന്നേടം - +91 9288164199**

# ഇതൾ മറിയുന്ന ചരിത്രം...

പെരിങ്ങഴ ഇടവകയുടെ ചരിത്രം - ഭാഗം 3

## പള്ളിസ്ഥാപനം

മുവാറ്റുപുഴ പട്ടണത്തിൽ നിന്നും അഞ്ചു കിലോമീറ്റർ മാത്രം ദൂരെ ഒരു കൊച്ചു ഗ്രാമം- പെരിങ്ങഴ. ഈ ഗ്രാമത്തിന്റെ തിലകക്കുറിയായി വിരാജിക്കുന്നു വി. യൗസേപ്പിന്റെ ദേവാലയം. ദൈവാനുഗ്രഹഹത്തിന്റെ സുവർണ ലിപികളിൽ പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട ഒരു ചരിത്രം സ്വന്തമായുള്ള ഇടവകയാണ് പെരിങ്ങഴ. ദൈവാരാധനയ്ക്കായ് ദീർഘമായ ദുര്ഘടപാതകൾ താണ്ടിയിരുന്ന പെരിങ്ങഴ പ്രദേശത്തെ ആദിമ ക്രൈസ്തവർ മനസ്സിൽ താലോലിച്ചിരുന്ന ഒരു മധുര സ്വപ്നമായിരുന്നു - സ്വന്തമായി ഒരു ഇടവക ദേവാലയം.



പെരിങ്ങഴ കരയിൽ ഒരു പള്ളി സ്ഥാപിക്കണമെന്ന് 1860കളിൽ ഇവിടുത്തുകാർ ആഗ്രഹിക്കുകയും ആരക്കുഴ ഇടവകയുടെ പൊതുയോഗത്തിൽ ആ വിഷയം അവതരിപ്പിക്കുകയും ചെയ്തു. പൊതുയോഗം അത് അംഗീകരിച്ചു. പെരിങ്ങഴ കരയിൽ പള്ളി സ്ഥാപിക്കുന്നതിന് തിരഞ്ഞെടുത്തത് 'കക്കൂത്താനാൽ' എന്ന കുന്നുംപുറമാണ്. അവിടെ പള്ളി സ്ഥാപിക്കാനായി സർക്കാരിന്റെ അനുവാദത്തിനായി അപേക്ഷിച്ചു. ആയില്യം തിരുനാൾ മഹാരാജാവിന്റെ ഭരണകാലമായിരുന്നു അത്. പ്രസ്തുത കുന്ന് കൈപ്പള്ളിക്കാവ് എന്ന പ്രാചീന ഹൈന്ദവ ആരാധനാലയത്തിനടുത്തകയാൽ അവിടെ പള്ളി സ്ഥാപിക്കാൻ സർക്കാർ അനുവദിച്ചില്ല. പിന്നീട് മടത്തുംചാലിൽ കുടുംബവക തുരുത്തിക്കാട്ടുപുരയിടം പള്ളി സ്ഥാപിക്കാൻ നൽകാമെന്ന് പ്രസ്തുത കുടുംബക്കാർ സമ്മതിച്ചു. അങ്ങനെ മടത്തുംചാലിൽ എളച്ചി വക പുരയിടത്തിൽ പള്ളി വയ്ക്കാൻ അനുവാദത്തിനായി സർക്കാരിന് അപേക്ഷ നൽകുകയും സർക്കാർ അത് അനുവദിക്കുകയും ചെയ്തു. കാരിരുമ്പിനെ കാഞ്ചനമാക്കാൻ കഴിയുന്ന ഇവിടുത്തെ പഴയ തലമുറയുടെ പോരാട്ട വീര്യത്തിന് മുന്നിൽ പ്രതിബന്ധങ്ങൾ ഒന്നൊന്നായി അകന്നു മാറി.

അങ്ങനെ കൊല്ലവർഷം 1039ൽ, ക്രിസ്തുവർഷം 1864 നവംബർ 1-)ം തിയതി പ്രസ്തുത പുരയിടത്തിൽ വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള പള്ളിക്ക് തറക്കല്ലിട്ടു. തറക്കല്ലിട്ടത് ബ. മാർ സെല്ലിനോസ് മൂപ്പനച്ചനും ബ. കാന്തിദൂസച്ചനും കൂടിയാണെന്ന് ചരിത്ര രേഖകളിൽ കാണുന്നു. അവർ രണ്ടു പേരും വരാപ്പുഴ രൂപതയിൽ പെട്ട സന്യസ്ത വൈദികരായിരുന്നു. അന്ന് വരാപ്പുഴ വികാരി അപ്പസ്തോലിക ബ. ബർണർദീനോസ് ആയിരുന്നു. അങ്ങനെ നവംബർ 01 പെരിങ്ങഴക്കാർക്ക് 'കല്ലിട്ടപെരുനാൾ' കൂടിയായി. പള്ളിപണിയുടെ മേൽനോട്ടം വഹിച്ചത് അക്കാലത്തെ ആരക്കുഴ പള്ളി വികാരിയായിരുന്ന ബ. മുരിക്കുങ്കൽ യൗസേപ്പുകത്തനാരായിരുന്നു.

കേരളത്തിലെ യൗസേപ്പിതാവിന്റെ നാമത്തിൽ സ്ഥാപിതമായ ആദ്യത്തെ ഇടവകകളിലൊന്നാണിത്. സിറോ മലബാർ സഭയുടെ ചരിത്രത്തിലൂടെ തിരിഞ്ഞുനോക്കുമ്പോൾ വി. യൗസേപ്പിന്റെ നാമത്തിൽ സഭയിൽ സ്ഥാപിതമായ ആദ്യത്തെ അഞ്ച് പ്രധാന ദേവാലയങ്ങളിലൊന്ന് പെരിങ്ങഴയിലേതാണെന്ന് മനസ്സിലാക്കാം. മാർത്തോമാ നസ്രാണികൾക്ക് വേണ്ടി വികാരിയത്തുകൾ സ്ഥാപിതമാകുന്നതിന് മുമ്പ് തന്നെ രൂപീകൃതമായ ഇടവകയാണ് പെരിങ്ങഴ. വിശുദ്ധ യൗസേപ്പിന്റെ നാമധേയത്തിൽ സ്ഥാപിതമായ കോതമംഗലം രൂപതയിലെ ആദ്യത്തെ ദേവാലയവും പെരിങ്ങഴ പള്ളി തന്നെയാണ്.



ആരംഭകാലത്തെ കടുത്ത സാമ്പത്തീക പരാധീനതകൾ മൂലം ഈ ദേവാലയം കർമ്മലീത്ത സന്യാസസഭയ്ക്ക് വിട്ടുകൊടുക്കുവാൻ ആലോചിക്കുകയുണ്ടായി. എന്നാൽ ദൈവകരുണയാൽ ആ വിട്ടുകൊടുക്കൽ നടന്നില്ല. കാലാന്തരത്തിൽ പെരിങ്ങഴ പള്ളി ഒരു സ്വതന്ത്ര ഇടവകയായി എറണാകുളം മെത്രാസന മന്ദിരത്തിൽ നിന്ന് അനുവദിച്ചു. എന്നാൽ പെരിങ്ങഴ പള്ളി സ്വതന്ത്ര ഇടവകയായത് എന്നാണെന്ന് കൃത്യമായി നിശ്ചയിക്കാൻ വഴിയില്ല. സ്വതന്ത്ര ഇടവകയുടെ ആദ്യ വികാരി ബ. കുറുപ്പുമടത്തിൽ മത്തായി അച്ചനായിരുന്നു. ഈ പള്ളിയുടെ കീഴിൽ 1881ൽ 323 വീടുകൾ ഉണ്ടായിരുന്നതായി ആ വർഷമെഴുതിയ ആരക്കുഴയുടെ ആത്മസ്ഥിതി പുസ്തകത്തിൽ കാണാം.

## നാഴികക്കല്ലുകൾ

- ക്രിസ്തുവർഷം 1864 നവംബർ 1 -)o തിയതി മടത്തുംചാലിൽ എളച്ചി വക പുരയിടത്തിൽ വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള പള്ളിക്ക് തറക്കല്ലിട്ടു.
- 2006 മെയ് 01നു മാർ ജോർജ് പുന്നക്കോട്ടിൽ പുതിയ ദേവാലയത്തിന്റെ കൂദാശ കർമ്മം നിർവഹിച്ചു
- 2014 ൽ ഇടവക സ്ഥാപിതമായതിന്റെ ശതോത്തര സുവർണ ജൂബിലി ആഘോഷിച്ചു
- 2021 മാർച്ച് 21നു പെരിങ്ങുഴ ഇടവകയെ വി. യൗസേപ്പിന്റെ നാമത്തിലുള്ള കോതമംഗലം രൂപതയുടെ ഔദ്യോഗിക തീർത്ഥാടന കേന്ദ്രമായി രൂപത പ്രഖ്യാപിച്ചു
- 2022 മാർച്ച് 18നു വി. യൗസേപ്പിതാവിന്റെ പിതാപാത (ഏഴ് വ്യാകുലങ്ങൾ) കോതമംഗലം രൂപതാ മെത്രാൻ മാർ. ജോർജ് മഠത്തിക്കണ്ടത്തിൽ ആശീർവദിച്ചു.



(തുടരും...)



പാലാ രൂപതയുടെ സഹായ മെത്രാനായിരുന്ന മാർ ജേക്കബ് മുരിക്കൻ പിതാവ് ഔദ്യോഗിക പദവികളിൽ നിന്നെല്ലാം സ്വയം വിരമിച്ച് സന്യാസ തപസ്സ് ജീവിതത്തെ പുണർന്ന് നല്ലതണ്ണിയിലുള്ള മാർ തോമാശ്ലീഹാ ദയറയോട് ചേർന്നുള്ള ഹെർമിറ്റേജിൽ പ്രാർത്ഥനാ ജീവിതം തുടങ്ങി.



MARIYA


D/O Sibin & Mareena

NEEROLICKAL

Baptised on August 7, 2022







# വിശുദ്ധ കുരിശിലേക്ക് ഒരു ചുവട്

A.D 326 ൽ കോൺസ്റ്റന്റെയിൻ ചക്രവർത്തിയുടെ അമ്മയായ ഹെലേന രാജ്ഞി യേശുവിനെ കുരിശിൽ തറച്ച യഥാർത്ഥ കുരിശു കണ്ടെത്തിയെന്നാണ് ചരിത്ര സാക്ഷ്യം. എന്നാൽ പേർഷ്യൻ രാജാവായിരുന്ന കൊസ്റോവാസ് ഇത് കയ്യടക്കി. A.D 629-ൽ, ഹെരാലിയസ് ചക്രവർത്തി ഈ വിശുദ്ധ വസ്തു വീണ്ടെടുത്ത് ജെറുസലേമിൽ കൊണ്ടുവന്ന് കാത്ത് സൂക്ഷിച്ചു. പിടിച്ചെടുത്ത കുരിശ് സ്വന്തം തോളിൽ ചുമന്ന് കൊണ്ടാണ് ഹെറാലിയസ് ചക്രവർത്തി കാൽവരിയിലേക്ക് നീങ്ങിയത്. വിലയേറിയ വസ്ത്രങ്ങൾ ധരിച്ച്, വിശേഷ രത്നക്കല്ലുകൾ പതിച്ച ആഭരണങ്ങളുമണിഞ്ഞാണ് ചക്രവർത്തി കുരിശ് ചുമന്നത്

കുരിശുദ്ധാരണ തിരുന്നാൾ', 'കുരിശുയർത്തൽ തിരുന്നാൾ', 'വിശുദ്ധ കുരിശ് തിരുന്നാൾ', 'വിശുദ്ധ റൂഡ് തടി തിരുന്നാൾ', 'റൂഡ്തടി കുർബ്ബാന തിരുന്നാൾ' എന്നിങ്ങനെയെല്ലാം ഈ ദിനം വിളിക്കപ്പെട്ടിരുന്നു. കുരിശ് പ്രാർത്ഥനാ ക്രമം ഒരു വിജയാഹ്ലാദത്തിന്റെ ആരാധനാക്രമമാണ്. പഴയ നിയമത്തിൽ മോശ മരത്തൂണിൽ പിച്ചള സർപ്പത്തെ ഉയർത്തിയത്, പുതിയ നിയമത്തിൽ യേശു മരക്കുരിശിൽ ഉയർത്തപ്പെട്ടതിന്റെ 'മുൻനിഴൽ' ആണ്. ക്രിസ്തുവിനെ അനുഗമിക്കുവാൻ, നാം അവന്റെ കുരിശെടുത്ത് മരണത്തോളം അനുസരണയുള്ളവരായിത്തീരണമെന്ന് ഈ ദിവസം നമ്മെ ഓർമ്മിപ്പിക്കുന്നു. ആ മരണം കുരിശിൽ ആണെങ്കിൽ പോലും. അപ്പോൾ നാം കുരിശിലെ ക്രിസ്തുവിനെപ്പോലെ ആയിത്തീരും.

നമ്മുടെ ദേഹിയും ആത്മാവും, ദൈവത്തിൽ ഉറപ്പിക്കുന്നതിനാണ്, നാം പ്രാർത്ഥനക്ക് മുമ്പ് കുരിശ് വരക്കുന്നത്. ദൈവത്തോട് ചേർന്നിരിക്കുന്നതിനാണ് നാം പ്രാർത്ഥനക്ക് ശേഷം കുരിശ് വരക്കുന്നത്. പരീക്ഷയിലും, പരിശോധനയിലും, നമ്മുടെ ശക്തിയും രക്ഷയും ഈ കുരിശ് വരയിലാണ്. വീണ്ടെടുപ്പിന്റെ പൂർണ്ണതയും, നാം ക്രിസ്തുവിന്റെ സ്വന്തമെന്ന് സൂചിപ്പിക്കുന്നതിനുമാണ്, മാമോദീസയിൽ നാം കുരിശ് വരയാൽ മുദ്രണം ചെയ്യപ്പെടുന്നത്. കൂടെ കൂടെ നമുക്ക് കുരിശിലേക്ക് നോക്കാം. നമ്മുടെ ദേഹവും, ദേഹിയും, മനശക്തിയും, ചിന്തയും എല്ലാം കുരിശിന്റെ ചുവട്ടിലേക്ക് സമർപ്പിക്കാം...

# September 2022

**01**
Thursday

വിശുദ്ധ ഗൈൽസ് (എട്ട് നോമ്പിന്റെ ആരംഭം)
- 2 കോറി 3 : 12 - 18
- യോഹ 8 : 31 – 38

**02**
Friday

വിശുദ്ധ ശെമയോൻ ബർസാബയും സഹരക്തസാക്ഷികളും (ആദ്യവെള്ളി)
- ഏശ 50:4-10
- അപ്പ 20:17-24
- 2 കോറി 6:1-10
- യോഹ 15:18-21, 16:1-4

**03**
Saturday

വിശുദ്ധ ഗ്രിഗറി I മാർപ്പാപ്പ
- 1 കോറി 12:12-27
- മത്താ 18:15-20

**04**
Sunday

വിറ്റെർബോയിലെ വിശുദ്ധ റോസ്
- ഉത്പ 6:13-22
- ജറെ 32:36-41
- യാക്കോ 4:1-10
- മത്താ 6:19-24

**05**
Monday

വിശുദ്ധ മദർ തെരേസ
(Teacher's Day)
- യാക്കോ 2:14-17
  1 കോറി 9:24-27
- മർക്കോ 12:28-34
  ലൂക്കാ 25:31-40



**06**
Tuesday

വാഴ്ത്തപ്പെട്ട ക്ലോഡിയോ ഗ്രാൻസോട്ടോ
- 2 പത്രോ 1:1-11
- ലൂക്കാ 12:13-21

**07**
Wednesday

വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനം

- 1 യോഹ 3:11-18
- ലൂക്കാ 16:19-31

**08**
Thursday

പരി. കന്യക മറിയത്തിന്റെ പിറവിതിരുന്നാൾ



- ഉത്പ 17:15-22
- ഏശ 43:1-7
- വെളി 12:1-6
- മത്താ 1:1-16

**09**
Friday

വിശുദ്ധ പീറ്റർ ക്ലാവർ

- 2 കോറി 9:6-15
- മത്താ 19:13-24

**10**
Saturday

വില്ലനോവയിലെ വിശുദ്ധ തോമസ്

- ഫിലെ 1:8-20
- മത്താ 10:5-15

**11**
Sunday

വിശുദ്ധ സൈപ്രിയൻ
(ഏലിയാ-സ്ലീവാ-മൂശാ കാലാരംഭം)

- പുറ 34:28-35
- 2 ദിന 5:11-14
- 1 കോറി 15:35-50
- മർക്കോ 9:2-13

**12**
Monday

പരി. കന്യക മറിയത്തിന്റെ ഏറ്റവും വിശുദ്ധമായ നാമത്തിന്റെ തിരുന്നാൾ



- 1 കോറി 2:9-15
- ലൂക്കാ 23:33-43



**13**
Tuesday

**വിശുദ്ധ ജോൺ ക്രിസോസ്റ്റം**

- 1 യോഹ 1:1-7
  എഫേ 4:1-7,11-13
- യോഹ 8:12-20
  മർക്കോ 4:1-9

**14**
Wednesday

**വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ**



- സംഖ്യ 21:4-9
- ഏശ 42:13-17
- 1 കോറി 1:18-25
- ലൂക്കാ 24:13-27



**15**
Thursday

**വ്യാകുലമാതാവിന്റെ തിരുന്നാൾ**

- ഫിലി 3:17-21
- മത്താ 18:1-5

**16**
Friday

വിശുദ്ധ കൊർണേലിയസ്

- 1 കോറി 15:12-22
- യോഹ 11:17-27

**17**
Saturday

വിശുദ്ധ റോബർട്ട് ബെല്ലാർമൈൻ

- 1 കോറി 15:50-58
- മത്താ 22:23-33

**18**
Sunday

കുപ്പർട്ടിനോയിലെ വിശുദ്ധ ജോസഫ്

- സംഖ്യ 21:1-9
- സഖ 10:8-12
- ഗലാ 6:11-18
- മത്താ 10:34-42

**19**
Monday

വിശുദ്ധ ജനുവരിസ്

- 2 കോറി 10:1-6
- ലൂക്കാ 18:31-34

**20**
Tuesday

വിശുദ്ധരായ ആൻഡ്രൂ കിം ടെഗോൺ, പോൾ ചോങ് ഹസാങ്, സഹയാത്രികർ

- കൊളോ 2:6-15
- യോഹ 3:13-21

**21**
Wednesday

**വിശുദ്ധ മത്തായി ശ്ലീഹായുടെ തിരുന്നാൾ**



- 1 ദിന 29:10-19
- എസെ 1:1-14
- ഹെബ്രാ 11:23-26
- മത്താ 9:9-13

**22**
Thursday

വിശുദ്ധ ലോറെൻസോ റൂയിസും കൂട്ടാളികളും

- എഫേ 2:11-22
- യോഹ 11:45-57

**23**
Friday

പീട്രൽസിനയിലെ വിശുദ്ധ പിയോ

- അപ്പ 4:1-12
- ലൂക്കാ 20:9-19

**24**
Saturday

വിശുദ്ധ ജോൺ ഹെന്റി ന്യൂമാൻ

- ഫിലി 3:17-21
- മത്താ 18:1-5

**25**
Sunday

വിശുദ്ധരായ ലൂയിസ് മാർട്ടിനും സെലി ഗ്വെറിനും (ലിസിയൂസിലെ വി. തെരേസയുടെ മാതാപിതാക്കൾ)



- ഉത്പ 9:8-17
- ദാനി 7:9-14
- 1 കോറി 1:18-25
- മത്താ 24:29-36

**26**
**Monday**

### വിശുദ്ധ പോൾ ആറാമൻ മാർപാപ്പ

- 1 കോറി 10:1-13
- മത്താ 24:15-28

**27**
**Tuesday**

### വിശുദ്ധ വിൻസന്റ് ഡി പോൾ



- നിയ 24:10-18
- ഏശ 42:1-9
- 1 യോഹ 2:18-29
  1 കോറി 1:26-31
- യോഹ 7:25-31,40-43
  മത്താ 9:35-38

**28**
**Wednesday**

### വിശുദ്ധ വെൻസലസ്

- വെളി 19:11-15
- ലൂക്കാ 12:54-59

**29**
**Thursday**

### മാലാഖമാരായ മിക്കായേൽ, ഗബ്രിയേൽ, റാഫേൽ



- 1 കോറി 5:9-13, 6:9-11
  വെളി 12:7-12
- ലൂക്കാ 17:20-25
  യോഹ 1:43 -51

**30**
**Friday**

### വിശുദ്ധ ജെറോം



- നിയ 7:6-11 (7:1-11)
- പ്രഭാ 24:12-17
- 2 തിമോ 3:12-17
  2 പത്രോ 3:1-7
- മത്താ 13:44-52
  ലൂക്കാ 17:26-35



## Follow Us on Social Media:

**പെരിങ്ങഴ തീർത്ഥാടന ഇടവകയുടെ സാമൂഹ്യ മാധ്യമ പേജുക**

**സന്ദർശിക്കുവാൻ QR കോഡ് സ്കാൻ ചെയ്യുക.**

Facebook

Instagram

Twitter

Website

Youtube

# ST. JOSEPH'S PILGRIM CHURCH, PERINGUZHA

*presents*



ഒക്ടോബർ 3 മുതൽ 5 വരെ

## വിശ്വാസത്തിന്റെ ആഘോഷത്തിനായി...
## വിശുദ്ധിയുടെ പ്രഘോഷണത്തിനായി...

കെട്ടിലും മട്ടിലും ആവേശമുയർത്തി
മാറ്റത്തിൻ അലയടികൾ സൃഷ്ടിക്കാൻ
ഏതാനും ദിവസങ്ങൾ...

# *COMING SOON*

വർഷങ്ങളുടെ നീണ്ട ഇടവേളയ്ക്ക് ശേഷം പെരിങ്ങഴയിലെ
സൺഡേസ്കൂൾ കുട്ടികൾക്കായി വീണ്ടുമിതാ ഒരു ക്യാമ്പ് ഒരുങ്ങുന്നു.

*Stay Tuned..... Its the beginning of something unexpected*

# ഭാരത സർക്കാർ

## കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം

## പൊതുവിദ്യാഭ്യാസ വകുപ്പ്, കേരളം

**കേന്ദ്ര-സർക്കാർ ആവിഷ്കരിച്ച് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കി വരുന്ന ചുവടെ ചേർക്കുന്ന സ്കോളർഷിപ്പുകൾക്കായുള്ള അപേക്ഷകൾ ഓൺലൈനായി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (www.scholarships.gov.in) വഴി സമർപ്പിക്കാവുന്നതാണ്. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകാര്യമല്ല.**

| നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) വഴി<br>സ്കോളർഷിപ്പിന് പുതുതായി അപേക്ഷിക്കുന്നതിനും, മുൻവർഷം അപേക്ഷിച്ച് അർഹരായവർക്കുള്ള റിന്യൂവൽ അപേക്ഷയും സമർപ്പിക്കുന്നതിനുള്ള സമയപരിധി | | | 2022<br>സെപ്റ്റംബർ 30 |
|---|---|---|---|
| **ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്** | **ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്** | **നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് (എൻഎംഎംഎസ്)** | **ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്** |
| ❖ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, പാഴ്സി, ബുദ്ധർ, ജൈന എന്നീ മത വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആയിരിക്കണം.<br>❖ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള പ്രൈവറ്റ് സ്കൂളുകൾ എന്നിവിടങ്ങളിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ റഗുലർ ആയി പഠിക്കുന്നവർ ആയിരിക്കണം.<br>❖ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയിൽ അധികരിക്കാൻ പാടുള്ളതല്ല<br>❖ മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് ഉണ്ടായിരിക്കണം.<br>❖ ഒരു കുടുംബത്തിലെ 2 കുട്ടികൾക്ക് മാത്രം അപേക്ഷിക്കാവുന്നതാണ്. | ❖ ഇപ്പോൾ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവരും 40% ത്തിൽ അധികം ഭിന്നശേഷിക്കാരുമായ കുട്ടികൾ ആയിരിക്കണം<br>❖ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ അധികരിക്കാൻ പാടുള്ളതല്ല.<br>❖ സർക്കാർ/എയ്ഡഡ്/ മറ്റ് അംഗീകാരമുള്ള പ്രൈവറ്റ് സ്കൂളുകൾ എന്നിവിടങ്ങളിലെ റഗുലർ വിദ്യാർത്ഥികൾ ആയിരിക്കണം.<br>❖ ഒരു ക്ലാസിൽ ഒരു തവണ മാത്രമേ ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. | ❖ എൻ.എം.എം.എസ് പരീക്ഷയിൽ വിജയിച്ച സർക്കാർ/എയ്ഡഡ്/ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ എന്നിവിടങ്ങളിലെ റഗുലർ വിദ്യാർത്ഥി ആയിരിക്കണം.<br>❖ വാർഷിക പരീക്ഷക്ക് VIII, IX, XI ക്ലാസുകളിൽ 55% ശതമാനം മാർക്കും X-ാം ക്ലാസിൽ 60% മാർക്കും ഉണ്ടായിരിക്കണം. SC/ST കുട്ടികൾക്ക് 5% മാർക്കിളവ് ഉണ്ടായിരിക്കും.<br>❖ വാർഷിക വരുമാന പരിധി 3.5 ലക്ഷത്തിൽ അധികരിക്കാൻ പാടുള്ളതല്ല.<br>❖ 2019-20, 2020-21, 2021-22 വർഷങ്ങളിൽ യോഗ്യരായവർ റിന്യൂവൽ അപേക്ഷയും 2022-23 വർഷം (ഇപ്പോൾ 9-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ) ഫ്രഷ് ആയും അപേക്ഷ സമർപ്പിക്കേണ്ടതാണ്. | ❖ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, പാഴ്സി, ബുദ്ധർ, ജൈന മത വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾ ആയിരിക്കണം.<br>❖ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള പ്രൈവറ്റ് സ്കൂളുകൾ എന്നിവിടങ്ങളിൽ 9,10,+1,+2 വരെയുള്ള ക്ലാസുകളിൽ റഗുലർ ആയി പഠിക്കുന്ന പെൺകുട്ടികൾ ആയിരിക്കണം.<br>❖ 9,10 ക്ലാസുകളിൽ 5000/- രൂപ വീതവും +1,+2 ക്ലാസുകളിൽ 6000/- രൂപ വീതവും ലഭിക്കുന്നു. (റിന്യൂവൽ ഉണ്ടായിരിക്കുന്നതല്ല).<br>❖ വാർഷിക വരുമാന പരിധി 2 ലക്ഷം രൂപയിൽ അധികരിക്കാൻ പാടുള്ളതല്ല<br>❖ മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് ഉണ്ടായിരിക്കണം.<br>❖ ഒരു കുടുംബത്തിലെ 2 കുട്ടികൾക്ക് മാത്രം അപേക്ഷിക്കാവുന്നതാണ്. |
| ഈ സ്കോളർഷിപ്പുകൾക്ക് (റിന്യൂവൽ) സ്കൂൾ മാറ്റി നൽകുന്നതിനുള്ള ഓപ്ഷൻ ലഭ്യമല്ലാത്തതാണ്. ഇത്തരം കുട്ടികൾ, മുൻ അപേക്ഷ എൻഎസ്.പി-ൽ നിന്നും പിൻവലിച്ചശേഷം പുതിയ (ഫ്രഷ്) അപേക്ഷ സമർപ്പിക്കാവുന്നതാണ്. | | | |

### പൊതു നിർദ്ദേശങ്ങൾ

1. വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കുമ്പോൾ സ്വന്തം പേരിലുള്ള അക്കൗണ്ട് നമ്പർ നൽകുന്നത് ഉചിതമായിരിക്കും അപേക്ഷ സമർപ്പിക്കുമ്പോൾ പേര്/അക്കൗണ്ട് നമ്പർ /IFSC /Gender ജനന തീയതി തുടങ്ങിയവ ശ്രദ്ധാപൂർവ്വം നൽകേണ്ടതാണ്. അപേക്ഷ <u>Final Submit</u> ചെയ്താൽ ഈ വിവരങ്ങളിൽ മാറ്റങ്ങൾ വരുത്തുവാൻ കഴിയുന്നതല്ല.
2. ഒരു വിദ്യാർത്ഥിക്ക് ഒരു കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
3. എൻ.എം.എം.എസ് സ്കോളർഷിപ്പിന് റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്നവരിൽ സ്കൂൾ മാറ്റം വന്നിട്ടുള്ളവർക്ക് ആയത് പ്രകാരം പുതിയ സ്കൂൾ തെരഞ്ഞെടുക്കാവുന്നതാണ്.

**സ്കൂളുകൾ/സ്ഥാപനങ്ങൾ:** **ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്നതും, നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഇനിയും രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ എല്ലാ സ്കൂളുകളും/സ്ഥാപനങ്ങളും, ഉടൻ തന്നെ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ അതാത് സ്കൂൾ/സ്ഥാപനങ്ങളുടെ പ്രൊഫൈൽ ഉടൻ തന്നെ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റായ **www.education.kerala.gov.in** -ൽ നിന്നും, വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9496304015, 8330818477, 0471-3567564** എന്നീ നമ്പരുകളിലും **dgescholarship@gmail.com** എന്ന ഇ-മെയിലിലും ബന്ധപ്പെടാവുന്നതാണ്.

(ഒപ്പ്/-)

സ്റ്റേറ്റ് നോഡൽ ഓഫീസർ & പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി